**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2573** **21-01-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri. Kadakampally Surendran**<br>**(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ടൂറിസം വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും സുസ്ഥിരവികസനം സാധ്യമാക്കുന്നതിനുമായി ഗ്രീൻ കാർപ്പെറ്റ് പദ്ധതി, വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്ന ശേഷി സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ബാരിയർ ഫ്രീ പദ്ധതി, ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ, പ്രോജക്ട് ഗ്രീൻ ഗ്രാസ് എന്നീ പദ്ധതികൾ, ദിവസേന ടൂറിസ്റ്റുകൾ കൂടുതലായി എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനായിട്ടുള്ള പദ്ധതികൾ മുതലായവ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്. |
| (ബി) | ടൂറിസം കേന്ദ്രങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ഫോർട്ട് കൊച്ചി വികസനം, തലശ്ശേരി പൈതൃക പദ്ധതി, നോർത്ത് മലബാർ മേഖലയിലെ ടൂറിസം അടിസ്ഥാന സൗകര്യ വികസനം, കോവളം -പൂവാർ ടൂറിസം ഇടനാഴി, കുമരകം, തേക്കടി, കാലടി - മലയാറ്റൂർ - അതിരപ്പള്ളി ടൂറിസം സർക്യൂട്ട്, മൂന്നാർ, മുഴപ്പിലങ്ങാട് - ധർമ്മടം ബീച്ച് സമഗ്ര വികസനം. എന്നീ പദ്ധതികളുടെ മാസ്റ്റർ പ്ലാൻ ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിന്നും കേരളത്തിലേക്ക് നേരിട്ടുള്ള വിമാന സർവ്വീസുകൾ ആരംഭിക്കുവാനായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (സി) | അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിന്നും കേരളത്തിലേക്ക് നേരിട്ടുള്ള വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള ആവശ്യം കാലാകാലങ്ങളിൽ വിമാനക്കമ്പനികളോട് ഉന്നയിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ ഏതൊക്കെ രാജ്യങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് നേരിട്ട് വിമാനസർവ്വീസുകൾ നടത്തുന്നുണ്ടെന്ന് അറിയിക്കുമോ; | (ഡി) | സിംഗപ്പൂർ, മലേഷ്യ, യു.കെ, മാലിദ്വീപ്, ശ്രീലങ്ക, തായ് ലാന്റ്, കുവൈത്ത്, സൗദി അറേബ്യ, ഒമാൻ, യു.എ.ഇ എന്നീ രാജ്യങ്ങളിൽ നിന്നുമാണ് കേരളത്തിലേയ്ക്ക് നേരിട്ടുള്ള വിമാന സർവ്വീസുകൾ നിലവിലുണ്ടായിരുന്നത്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇവയിൽ പല സർവ്വീസുകളും താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്. |
| (ഇ) | മറ്റ് രാജ്യങ്ങളിൽ നിന്നും ടൂറിസ്റ്റ് കപ്പലുകളെ ഇവിടേക്ക് ആകർഷിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | വിവിധ രാജ്യങ്ങളിൽ നിന്നും ടൂറിസ്റ്റുകളെയും കൊണ്ട് കേരളത്തിലേക്ക് കപ്പലുകൾ എത്താറുണ്ട്. ഇങ്ങനെ വരുന്ന സഞ്ചാരികൾക്ക് സ്വീകരണവും മറ്റും വകുപ്പ് നടത്താറുമുണ്ട്. ക്രൂയിസ് ടൂറിസവുമായി ബന്ധപ്പെട്ട് കൂടുതൽ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ